പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 306

04.02.2013-ലെ മറുപടിക്ക്.

# റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

ചോദ്യം

ശ്രീ. രാജു എബ്രഹാം

(എ) റാന്നി പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിന്റെ നിർമ്മാണചുമതല ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും നിർമ്മാണം എന്നു മുതൽക്കാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) എത്ര നാൾ കൊണ്ട് പൂർത്തിയാക്കാനാണ് കരാർ ഉണ്ടാക്കിയതെന്നും ഇതിനോടകം എന്തൊക്കെ നിർമ്മാണപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

: (എ) റാന്നി പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേകമായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ പോലീസിന്റെ ആധുനികവൽക്കരണ പദ്ധതിയിലും പതിമൂന്നാം ധനകാര്യ കമ്മീഷനിലും ഉൾപ്പെടുത്തി 71 ലക്ഷം രൂപ ചെലവിൽ പോലീസ് സ്റ്റേഷൻ എക്സ്റ്റെൻഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, വിസിറ്റേഴ്സ് റൂം, 'ബി' ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, വനിതാ പോലീസ് റെസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ്പോസ്റ്റ് എന്നീ കെട്ടിടങ്ങൾ സംയോജിപ്പിച്ചുകൊണ്ട് റാന്നിയിൽ ഒരു പോലീസ് സ്റ്റേഷൻ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള ചുമതല കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ശ്രീ.ഷാജി തോമസ് എന്ന കരാറുകാരനെയാണ് നിർമ്മാണം ഏൽപ്പിച്ചിരിക്കുന്നത്. 11.03.2012-ന് പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ചു.

: (ബി) കരാർ പ്രകാരം പത്തുമാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിരുന്നത്. 11.03.2012-ൽ നിർമ്മാണം തുടങ്ങുകയും ചെയ്തു. എന്നാൽ ഫൗണ്ടേഷനു വേണ്ടി കുഴിച്ചപ്പോൾ പാറയുടെ സാന്നിദ്ധ്യം കാണപ്പെടുകയും അവ പൊട്ടിച്ചെടുക്കേണ്ടതായും വന്നു. സമീപത്തുള്ള കെട്ടിടങ്ങൾക്ക് കേടുപാടുകൾ ഉണ്ടാകാത്ത

(മറുപുറം)

രീതിയിൽ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് പാറ പൊട്ടിച്ചെടുക്കുവാൻ വളരെയേറെ താമസം നേരിട്ടു. ആയതിനാൽ ഏകദേശം ആറുമാസം കൂടിക്കൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ ഫൗണ്ടേഷൻ ഉൾപ്പെടെ കോൺക്രീറ്റ് തൂണുകൾ തറനിരപ്പുവരെ നിർമ്മിച്ചു കഴിഞ്ഞു.

(സി) ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തികളാണ് പൂർത്തീകരിക്കാൻ ഉള്ളതെന്നും ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും, കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

: (സി) നിർമ്മാണം പൂർത്തീകരിക്കാൻ നിലവിൽ യാതൊരു തടസ്സങ്ങളും ഇല്ല. ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിലെ അടിസ്ഥാന പണികളെല്ലാം പൂർത്തീകരിച്ചു. കോൺക്രീറ്റ് തൂണുകളുടെ നിർമ്മാണം നടന്നു-കൊണ്ടിരിക്കുന്നു. താഴത്തെ നിലയിലെ ലിന്റൽ, റൂഫ്സ്ലാബ്, ബ്രിക്കിന്റെ പണികൾ എന്നിവയും ഒന്നാമത്തെ നിലയിലെ മുഴുവൻ പണികളും കൂടാതെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫ്ളോറിംഗ്, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നിവ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഇവയെല്ലാം കൂടി ആറുമാസം കൊണ്ട് അതായത് 2013 ജൂലായ് അവസാനത്തോടുകൂടി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

6/